Deshabhimani 28.12.17

► വൈഗ–2017

# വെള്ളാനിക്കരയിൽ കാർഷിക ഉത്സവം

തൃശൂർ > വെള്ളാനിക്കരയിൽ ഉത്സവപ്രതീതി സൃഷ്ടിച്ച് അന്തർദേശീയ കാർഷിക പ്രദർശനവും ശിൽപ്പശാലയും തുടങ്ങി. വാദ്യമേളങ്ങളോടെ ആയിരങ്ങൾ അണിനിരന്ന ഘോഷയാത്രയോടെയാണ് വൈഗ–2017ന് തുടക്കമായത്. ജൈവകാർഷിക ഉൽപ്പന്നങ്ങളുടെയും യന്ത്രങ്ങളുടെയും പ്രദർശനം കാർഷികമേഖലയിലെ വിജ്ഞാനം വർധിപ്പിക്കാൻ സഹായിക്കുന്നതായി. വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് ഗവർണർ ജസ്റ്റിസ് പി സദാശിവം വൈഗ–2017 ഉദ്ഘാടനം ചെയ്തു. മന്ത്രി വി എസ് സുനിൽകുമാർ അധ്യക്ഷനായി.

കെ രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഒല്ലൂക്കര ബ്ലോക്ക് പ്രസിഡന്റ് ഐ എസ് ഉമാദേവി എന്നിവർ സംസാരിച്ചു. കാർഷികോൽപ്പാദന കമീഷണർ ടിക്കാറാം മീണ സ്വാഗതവും കൃഷി ഡയറക്ടർ എം എസ് സുനിൽകുമാർ നന്ദിയും പറഞ്ഞു.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനയെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കാനാണ് അന്തർദേശീയ പ്രദർശനവും ശിൽപ്പശാലയും സംഘടിപ്പിച്ചത്. നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവയാണ് ഇത്തവണത്തെ വിഷയം. 31 വരെയാണ് ശിൽപ്പശാല.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി മാനേജ്മെന്റ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കേന്ദ്ര കിഴങ്ങു ഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല, തമിഴ്നാട് കാർഷിക സർവകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ജൈവവൈവിധ്യ ബോർഡ്, നാളികേര വികസന ബോർഡ്, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, വിഎഫ്പിസികെ, കിൻഫ്രാ, കേരഫെഡ്, പ്ലാന്റേഷൻ കോർപറേഷൻ, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് ഫാമിങ് കോർപറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേന്ദ്ര–സംസ്ഥാന കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ ഫാമുകൾ, ആത്മ, ധനകാര്യ സ്ഥാപനങ്ങൾ, കർഷക സംഘടനകൾ, കർഷക സഹകരണ സംഘങ്ങൾ, കുടുംബശ്രീ എന്നിവയുടെ സ്റ്റാളുകൾ പ്രദർശനനഗരിയിലുണ്ട്. വൈകിട്ട് കലാസന്ധ്യയും ഒരുക്കിയിട്ടുണ്ട്.

ശിൽപ്പശാലയോടനുബന്ധിച്ച് 31വരെ വിവിധ സെഷനുകളിലായി സ്പീക്കർ പി ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ കെ ടി ജലീൽ, ടി പി രാമകൃഷ്ണൻ എന്നിവർ പങ്കെടുക്കും.

സിംഗപ്പൂർ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്തോനേഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുക്കുന്നു.